STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.135/PR/SPMC/PHQ/2022 Date:17.08.2022

**71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പ് : ആദ്യസ്വർണ്ണം കേരളാ പോലീസിന്**

തിരുവനന്തപുരത്ത് ഇന്ന് ആരംഭിച്ച 71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പിൽ ആദ്യസ്വർണ്ണം കേരളാ പോലീസിന്.

കേരളാ പോലീസ് സ്പോർട്സ് ടീം അംഗമായ ജോമി ജോർജ്ജ് ആണ് മികച്ച വിജയം കരസ്ഥമാക്കിയത്. 1500 മീറ്റർ ഫ്രീസ്റ്റൈൽ വിഭാഗത്തിലാണ് മെഡൽ നേട്ടം. കഴിഞ്ഞ വർഷം ബാംഗ്ലൂരിൽ വച്ചു നടന്ന സീനിയർ നാഷണൽ അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ വെള ളിമെഡൽ നേടിയ കേരളാ പോലീസ് ടീമിൽ അംഗമായിരുന്നു ജോമി ജോർജ്ജ്. 2019 ൽ കേരളാ പോലീസിൽ സർവ്വീസിൽ പ്രവേശിച്ച ജോമി ജോർജ്ജ് കോട്ടയം പാല സ്വദേശിയാ ണ്. നിലവിൽ കെ.എ.പി അഞ്ചാം ബറ്റാലിയനിൽ ഹവിൽദാർ ആണ്.

ഫോട്ടോ : തിരുവനന്തപുരത്ത് നടക്കുന്ന 71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പിൽ 1500 മീറ്റർ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ സ്വർണ്ണ മെഡൽ നേടിയ കേരളാ പോലീസിന്റെ നീന്തൽതാരം ജോമി ജോർജ്ജ്.

*****************************